പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1839 15/07/2016-ൽ മറുപടിയ്ക്ക്

പട്ടികഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.എസ്. അച്ചുതാനന്ദൻ<br>" സി. കെ. ശശീന്ദ്രൻ<br>" എസ്. രാജേന്ദ്രൻ<br>" കെ. വി. വിജയദാസ് : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വികസനത്തിനായി നടപ്പാക്കുന്ന ക്ഷേമ പദ്ധതികളോടൊപ്പം ഈ വിഭാഗക്കാരുടെ സുസ്ഥിരവികസനം ഉറപ്പാക്കാനായി പദ്ധതികൾ നടപ്പിലാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസം, ആരോഗ്യം പാർപ്പിടം കൂടാതെ ഹാംലെറ്റ് വികസന പദ്ധതി, എ.റ്റി.എസ്.പി. ഉൾപ്പെടുന്ന പശ്ചാത്തല സൗകര്യവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ പട്ടിക വർഗ്ഗക്കാരുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി തന്നെയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | ഇക്കാര്യത്തിൽ പട്ടികഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | വിലയിരുത്തിയിട്ടുണ്ട്.<br>2001 സാമ്പത്തിക വർഷത്തിൽ നിലവിൽ വന്ന പട്ടികവർഗ്ഗ പുനരധിവാസ വികസനമിഷൻ (ടി.ആർ.ഡി.എം) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കി വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നല്കൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നല്കിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നു വരുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ടി.ആർ.ഡി.എം. നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ